## അധ്യായം
## അഞ്ച്

പ്രഭാത സൂര്യന്റെ വെള്ളിവെളിച്ചം പുൽത്തലപ്പുകളിലും മരച്ചില്ലകളിലും അരിച്ചിറങ്ങിക്കൊണ്ടിരുന്നു. പുലരി പതിവിലുമേറെ സുന്ദരിയായതുപോലെ ജേക്കബിനു തോന്നി. മുറ്റത്തെ കൽപാതയ്ക്കിരുവശവും പുഞ്ചിരിതൂകി നിൽക്കുന്ന റോസപ്പൂവുകൾ. വിടരാൻ വെമ്പുന്ന മൊട്ടുകളുമായി തൊട്ടടുത്തുതന്നെ ജമന്തിയും മുല്ലയും. അങ്ങകലെ നിന്നും കിളിക്കൂട്ടങ്ങൾ കലപിലകൂട്ടി ചിറകടിച്ചുയരുന്നു.

"കുട്ടികൾ എപ്പോഴെത്തും?"

അമ്മായിയച്ചന്റെ ചോദ്യം ജേക്കബിനെ പ്രകൃതിദൃശ്യങ്ങളിൽ നിന്ന് പിന്തിരിപ്പിച്ചു.

"ഒമ്പതേകാലിനാണ് ബിനുവിന്റെ ഫ്ളൈറ്റച്ചായാ. അവന് കുറച്ചേറെ ലഗേജുണ്ടെന്നാ പറഞ്ഞത്. എയർപോർട്ടിൽ കാറുമായി ചെല്ലണമെന്ന് വിളിച്ചുപറഞ്ഞിരുന്നു. മോൾ ഐലൻഡ് എക്സ്പ്രസിൽ വരും. പത്തുമണിക്ക് സ്റ്റേഷനിലെത്തും. ഓട്ടോറിക്ഷ വിളിച്ച് പോരാൻ പറഞ്ഞിട്ടുണ്ട്."

"ഓ.കെ മോനേ, കുട്ടികളെത്തുമ്പോഴേക്കും ഞാൻപാർട്ടി ഓഫിസിലൊന്ന് പോയി വരാം, ഇലക്ഷൻ ചർച്ചകൾക്കായി നേതാക്കന്മാരെല്ലാം ഇന്ന് യോഗം കൂടുന്നുണ്ട്. വന്നിട്ട് ഇന്നുതന്നെ കാഞ്ഞിരപ്പള്ളിക്ക് തിരിച്ചു പോകുകയും വേണം." മാത്തച്ചൻ തിടുക്കം കൂട്ടി.

"ഇന്ന് പോകാനോ?" ജേക്കബിന്റെ ഉള്ളിലെ വേവലാതി വാക്കുകളിൽ ചിലമ്പി നിന്നു.

"ഇന്നൊരു രാത്രി കൂടി ഇവിടെ തങ്ങച്ചായാ, നാളെ രാത്രി നമുക്കെല്ലാർക്കും കൂടി കുമരകത്ത് പോയി വല്യപ്പച്ചനെ കാണാം." അമ്മായിയച്ചനെ വിടാതെ, പിടിച്ചുനിർത്താനുള്ള ശ്രമങ്ങളിലായിരുന്നു ജേക്കബ്.

"നേരമൊന്ന് വെളുത്തോട്ടെ. നമുക്ക് ഇവിടുന്ന് നേരത്തെ തന്നെ പുറപ്പെടാം. മാത്തച്ചനും കുമരകത്തിനുണ്ടല്ലോ അല്ലേ?". സെബാസ്റ്റ്യൻ.

ഒരു നിമിഷം ആലോചനയോടെ നിന്നിട്ട് മാത്തച്ചൻ പറഞ്ഞു. "ഓ.കെ. അങ്ങനെതന്നെയാകട്ടെ.ഇന്ന് എല്ലാർക്കും കൂടി ഇവിടെ കൂടാം. വൈകിട്ട് നമുക്ക് ഹോട്ടൽ മസ്കറ്റിലൊരു ഡിന്നർ പ്ലാൻ ചെയ്താലോ?"

പ്രശ്നങ്ങളൊന്ന് ഒതുങ്ങുംവരെ പുറത്തു പോകാൻ താൽപര്യമുണ്ടായിരുന്നില്ല ജേക്കബിന്.

"നമുക്ക് വീട്ടിൽ തന്നെ ഡിന്നറൊരുക്കാം, അച്ചായാ. എനിക്ക് പരിചയമുള്ളൊരു കാറ്ററിംഗ്കാരനുണ്ട്. അയാളെ വിളിച്ച് ഞാൻ തന്നെ ഏർപ്പാടാക്കാം.ഭക്ഷണത്തിനിടെ സംസാരിക്കുകയുമാവാം." ജേക്കബ് ഇടയ്ക്ക് കയറിപ്പറഞ്ഞു.

"അതു നല്ലകാര്യമാ്. ...പ്രശ്നങ്ങളൊക്കെ നമുക്കൊന്നു വിശദമായി ചർച്ച ചെയ്യുകയും ചെയ്യാം.. പാർട്ടി, രാത്രിയോടെ മതിയല്ലോ?" മാത്തച്ചൻ പറഞ്ഞു.

"അവശ്യസമയത്ത് മാത്തച്ചൻ ഓടിയെത്തിയല്ലോ, സന്തോഷമുണ്ട് മോനേ, ഈ ഉപകാരം ഞാൻ ഒരിക്കലും മറക്കില്ല ." മകനെ സഹായിച്ചതിൽ സെബാസ്റ്റ്യൻ നന്ദി അറിയിച്ചു.

"എങ്ങനെ നന്ദിപറയണമെന്നറിയില്ലച്ചായാ, അച്ചായനില്ലായിരുന്നെങ്കിൽ ഞാൻ നിസഹായനായിപ്പോയേനെ." ജേക്കബിന്റെ നന്ദിയും സ്നേഹവും വാക്കുകളിൽ നിറഞ്ഞിരുന്നു.

"അതൊന്നും പ്രത്യേകം പറയേണ്ട കാര്യമില്ല. നീ എന്റെ മകളുടെ ഭർത്താവല്ലേ?" അമ്മായിയച്ചന്റെ വാക്കുകൾ കേട്ട് ജേക്കബിന്റെ മുഖത്ത് പുഞ്ചിരി വിടർന്നു.പ്രഭാതഭക്ഷണം കഴിഞ്ഞ് മാത്തച്ചൻ പുറത്തു പോയി. ജേക്കബ് എയർപോർട്ടിലേക്കും. അപ്പച്ചൻ പത്രം വായിച്ചുകൊണ്ടിരിക്കുന്നു. അടുക്കള പണികൾക്കിടെ സംസാരിക്കുകയാണ് അമ്മച്ചിയും മേരിയും.അമ്മച്ചിയുടെ ശബ്ദം ഉയർന്നുകേൾക്കാം.

"നമ്മുടെ കുട്ടികളെക്കുറിച്ചാലോചിച്ചിട്ടാ എനിക്കിപ്പം വേവലാതി. അവരിതെന്തിനുള്ള പുറപ്പാടാ? കുടുംബത്തെ കുറിച്ചോ ബന്ധങ്ങളെക്കുറിച്ചോ അവർ ചിന്തിക്കാതിരുന്നതെന്തേ? ഈ സ്നേഹബന്ധങ്ങളെ നമ്മൾ അംഗീകരിക്കുമെന്ന് അവർ വിചാരിച്ചോ?". പറയുമ്പോൾ അമ്മച്ചിയുടെ മുഖത്ത് നിരാശയുടെ നിഴൽ പടർന്നിരുന്നു.

"എന്തു പറയാനാ അമ്മച്ചി. പുതിയ തലമുറയിലെ പിള്ളാരല്ലേ? കുടുംബത്തെക്കുറിച്ചോ പാരമ്പര്യങ്ങളെക്കുറിച്ചോ അവർ കരുതുന്നതേയില്ല. ലോകത്ത് എല്ലാരും ഒരു പോലെയെന്ന് അവർ വിശ്വസിക്കുന്നു. സമുദായത്തിന് പുറത്തു നിന്ന് വിവാഹം ചെയ്താലുള്ള ദോഷത്തെ കുറിച്ചൊന്നും ചിന്തിക്കുന്നേയില്ല."

മേരി പറഞ്ഞത് ശരിയെന്ന മട്ടിൽ അമ്മച്ചി തലകുലുക്കി. "നമുക്കേതായാലും കുട്ടികളോടൊന്ന് സംസാരിക്കാം. ഭാവിയിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളെകുറിച്ച് പറഞ്ഞു കൊടുക്കാം. ജനിക്കുന്ന കുട്ടികൾക്കുപോലും ഒരു ഐഡന്റിറ്റി ഉണ്ടാകുമോ" അമ്മച്ചി സംസാരിക്കാനുള്ള മൂഡിലാണ്.

“ഞങ്ങളൊക്കെ ചെറുപ്പത്തിൽ എന്ത് സ്ട്രിക്ടായിട്ടാ അമ്മച്ചീ വളർന്നത്. ആൺകുട്ടികളെയൊന്നും നോക്കുക പോലുമില്ലാരുന്നു. ആൺകുട്ടികളോട് മിണ്ടിയെന്നോ അവർക്കൊപ്പം സിനിമയ്ക്ക് പോയെന്നോ കേട്ടാൽ പിന്നെ ജീവിച്ചിരിക്കേണ്ടി വരില്ല. ആൺകുട്ടികളും പെൺകുട്ടികളും കണ്ടാപ്പോലും മിണ്ടാത്തവിധം അകലം സൂക്ഷിച്ചിരുന്നു അക്കാലത്ത്. കസിൻസിനോടു പോലും കൂടുതൽ അടുപ്പം അനുവദിക്കില്ല.അന്നൊന്നും ഇന്നത്തെപ്പോലെ ആണുങ്ങളുടെയൊപ്പം പെണ്ണുങ്ങൾ ഇരിക്കുകപോലുമില്ല.വേഷവിധാനങ്ങളിലുമുണ്ടായിരുന്നു അടക്കവും ഒതുക്കവും. സ്കൂൾ പ്രായം കഴിയുമ്പോഴേ ഹാഫ്സാരിയും പാവാടയും ബ്ലൗസുമായിരുന്നു പെൺകുട്ടികളുടെ വേഷം. കാലം മാറുംതോറും ശീലങ്ങളും രീതികളുമൊക്കെ മാറിപ്പോയല്ലേ, അമ്മച്ചി”.

“തലമുറകളുടെ വ്യത്യാസം എന്നല്ലാതെന്തു പറയാൻ മോളേ” ദീർഘനിശ്വാസത്തോടെ അമ്മച്ചി പറഞ്ഞു.

“എനിക്കിഷ്ടം, പഴയ രീതികളാ് അമ്മച്ചീ.. സ്ത്രീകൾക്ക് അവകാശങ്ങളും ആനുകൂല്യങ്ങളുമൊക്കെ വേണ്ടതുതന്നെ. എന്നാലും ആണുങ്ങക്കൊപ്പം തുല്യാവകാശം വേണ്ടെന്നേ ഞാൻ പറയൂ.. ഇന്നിപ്പോ എടോ, വാടോ, എന്നൊക്കെയല്ലേ കുട്ടികൾ പരസ്പരം വിളിക്കുക.എനിക്കതൊന്നും ചിന്തിക്കാൻ പോലുംപറ്റുന്നില്ല.പഴയകാലം തന്നെയാ നല്ലതെന്നാ എന്റെ പക്ഷം. .”

“ ഞാനിതുവരെ തിയറ്ററിൽ പോയൊരു സിനിമ കണ്ടിട്ടില്ല. ടി.വി വന്നതിപ്പിന്നാ സിനിമയൊക്കെ കാണുന്നത്. ഇന്നത്തെ കുട്ടികൾക്ക് സിനിമയും സംഗീതവുമില്ലാതെ ജീവിതമില്ലല്ലോ.”.

“എന്തായാലും മക്കളൊന്ന് വന്നോട്ടെ അമ്മച്ചീ. ഞാനിന്ന് രണ്ടിലൊന്നു തീരുമാനിച്ചുതന്നെ. അവരുടെ പ്രേമക്കാര്യം ചോദിച്ചിട്ടു തന്നെകാര്യം.” പുറത്ത് കാർ വന്നു നിൽക്കുന്ന ശബ്ദം കേട്ട് സംസാരം മുറിഞ്ഞു. ബിനുവും ജേക്കബും എത്തിക്കഴിഞ്ഞു. അപ്പച്ചൻ മുറിയിൽ നിന്നെണീറ്റു ചെന്ന് വാതിൽ തുറന്നു കൊടുത്തു. അമ്മച്ചിയും മേരിയും വാതിൽക്കലേക്ക് വന്നു. ബിനു അകത്തേക്ക് വന്ന് അപ്പച്ചനെ കെട്ടിപ്പിടിച്ച് സന്തോഷം പങ്കുവച്ചു.

മമ്മിയെക്കണ്ട് ബിനു പെട്ടെന്നടുത്തേക്ക് ചെന്ന് സ്നേഹത്തോടെ കൈകളിൽ പിടിച്ചു.അമ്മച്ചിയും വിശേഷങ്ങൾ തിരക്കി ബിനുവിന്റരികിലേക്ക് വന്നു.പുറത്ത് ഓട്ടോറിക്ഷ വന്നുനിൽക്കുന്ന ശബ്ദം കേട്ട് എല്ലാരും അങ്ങോട്ടു നോക്കി.

ബീന രണ്ട് പെട്ടികളുമായി ഓട്ടോറിക്ഷയിൽവന്നിറങ്ങി. എല്ലാരെയും കണ്ട് ബീനയുടെ മുഖം സന്തോഷത്താൽ നിറഞ്ഞു.

“നീ വന്നേയുള്ളോ ബിനൂ? യാത്രയൊക്കെ എങ്ങനുണ്ടാരുന്നു?.“ബീന തിരക്കി.

“ആകെ ടയേഡായി.ഇനിയൊന്ന് വിശ്രമിക്കണം“.ബിനു പറഞ്ഞു.

“ബാഗ് റൂമിൽ കൊണ്ടുവച്ചിട്ട് വേഗം വന്ന് കാപ്പി കുടിക്ക് രണ്ടാളും. ഞാനിതുവരെ കഴിക്കാതെ കാത്തിരിക്കുകയായിരുന്നു.” മക്കളോടായി മേരി പറഞ്ഞു.

“എനിക്ക് പ്ളെയിനിൽ വെച്ച് കഴിക്കാൻ കിട്ടിയിരുന്നു മമ്മീ, ഇപ്പം വിശക്കുന്നേയില്ല.” ബിനു.

“ഞാനും വണ്ടിയിൽവെച്ച് കഴിച്ചതാ മമ്മീ.” ബീനയും നയം വ്യക്തമാക്കി.

“അതൊക്കെ ശരി തന്നെ. ഞാൻ ദേ നല്ലൊന്നാന്തരം ദോശയും സമ്മന്തിയും ഒരുക്കിയിട്ടുണ്ട്. രണ്ടെണ്ണമെങ്കിലും കഴിക്ക്.” വേണ്ടായിരുന്നെങ്കിലും ബീനയും ബിനുവും ബാഗ് വച്ചിട്ട് വന്ന് കാപ്പി കുടിക്കാനിരുന്നു. പ്ലേറ്റുകൾ നിരത്ത് മേരിയും ഇരുന്നു. പിന്നാലെ അപ്പച്ചനും അമ്മച്ചിയും ജേക്കബുമെത്തി.

“ഡാഡീ, ശരിക്കും ഓഫീസിലെന്താ പ്രശ്നം?”.ബീനയാണ്.

“ഞാനിപ്പോ എയർ പോർട്ടിൽ നിന്ന് വന്നവഴി ബിനുവിനോട് കാര്യങ്ങൾ സംസാരിച്ചതേയുള്ളൂ. എല്ലാം ഉടനെ കലങ്ങിത്തെളിയാനാണ് സാധ്യത.കൈക്കൂലി വാങ്ങിയിട്ടില്ല, ലോണായാണ് പണമെടുത്തതെന്ന് അന്വേഷണോദ്യോഗസ്ഥനെ ബോധ്യപ്പെടുത്തണം. പണം തിരിച്ചു കൊടുക്കുകയും വേണം. കാഞ്ഞിരപ്പള്ളിയിലെ അച്ചായൻ, എല്ലാറ്റിനും വേണ്ടി ഓടി നടക്കുകയാ് മോളേ.”

“കാഞ്ഞിരപ്പള്ളി അപ്പച്ചൻ എവിടെ ഡാഡീ. കണ്ടില്ല്ലോ?”

“പാർട്ടി നേതാക്കളെ കാണാൻ പോയിരിക്കുകയാ. രണ്ട് മണിയാകുമ്പോഴേക്കും വരും.”

“എന്തായാലും ഇപ്പോൾ വരാൻ പറ്റിയത് നന്നായി. അല്ലെങ്കിൽ അവരെനിക്ക് ലീവൊന്നും തരാൻ പോകുന്നില്ല. ഇനിയിപ്പം . അമേരിക്കയിലേക്ക് പോകാനുള്ള കാര്യങ്ങളൊക്കെ പൂർത്തിയായി വരികയല്ലേ?.” ബിനു.

“ഡാഡിക്കൊരു പ്രശ്നം വന്നപ്പോ.... മക്കൾ രണ്ടാളും ഓടിയെത്തിയതിൽ സന്തോഷമുണ്ട്. ഇതിൽ കൂടുതലെനിക്കെന്തു വേണം. എന്റെ കുടുംബത്തെയോർത്ത് എനിക്ക് അഭിമാനമുണ്ട്.”

“കുടുംബമെന്ന് പറഞ്ഞാൽ അങ്ങനെയാ് ജേക്കബേ. പ്രതിസന്ധികളിലും പ്രശ്നങ്ങളിലും സഹായ

ത്തിന് കുടുംബമുണ്ടാകും നമുക്കൊപ്പം."

അനുഭവത്തിൽ നിന്ന് അപ്പച്ചൻ പറഞ്ഞു.

"നിങ്ങൾ ഒരാഴ്ച കഴിഞ്ഞല്ലേ തിരികെപ്പോകൂ?." ബിനു നിഷേധാർഥത്തിൽ തല കുലുക്കി.

"ഇല്ല മമ്മീ എനിക്ക് ചൊവ്വാഴ്ച തിരികെ പോകണം. ഞാൻ റിട്ടേൺ ടിക്കറ്റ് എടുത്തിട്ടില്ല. അത് എടുക്കുകയും വേണം."

"എനിക്കും തിങ്കളാഴ്ച വൈകിട്ടത്തെ ട്രെയിനിന് പോകണം. ഇതിൽ കൂടുതൽ അവധി കിട്ടില്ല മമ്മീ. ഇപ്പോ വന്നതുതന്നെ സ്പെഷൽ പെർമിഷനിലാ?" ബീന.

" നിങ്ങൾ നാളെ കുമരകത്തേക്ക് വരുന്നില്ലേ?. അപ്പച്ചന് പ്രായമായി വരുന്നു. കൊച്ചുമക്കളെ കാണണമെന്ന് നല്ല ആഗ്രഹമുണ്ടാവും." കുട്ടികളെ വീട്ടിലേക്ക് കൊണ്ടുപോകാനുള്ള ശ്രമങ്ങളിലാണ് അപ്പച്ചൻ.

"നാളെ അപ്പച്ചനും അമ്മച്ചിയും കാഞ്ഞിരപ്പള്ളി അച്ചായനും കൂടി കുമരകത്തിനു പോകുന്നുണ്ട്. അവർക്കൊപ്പം കുമരകത്തിന് പോയാൽ ട്രെയിനിലോ ഫ്ളൈറ്റിലോ നിങ്ങൾക്ക് കൊച്ചിയിൽ നിന്ന് തിരികെ പോകാം." ജേക്കബ്.

"എന്തായാലും നാളെ കുമരകം വരെ വന്നിട്ടാകാം മക്കളേ മടങ്ങിപ്പോക്ക്." അപ്പച്ചനും ജേക്കബ് പറഞ്ഞതു ശരിവച്ചു..

"കൊച്ചിയിൽ നിന്ന് ഫ്ളൈറ്റ് ബുക്ക് ചെയ്യണോ ബിനൂ? ട്രാവൽ ഏജന്റിനെ വിളിച്ച് ഡാഡി ഏർപ്പാട് ചെയ്യാം."

"വേണ്ട ഡാഡീ, ഞാൻ കാഞ്ഞിരപ്പള്ളി അച്ചായനോടൊന്നു ചോദിക്കട്ടെ, എന്നെ കൊച്ചിയിൽ കൊണ്ടുവിടാമോ എന്ന്."

പ്രഭാത ഭക്ഷണത്തിനുശേഷം എല്ലാവരും ലിവിംഗ് റൂമിൽ സംസാരിക്കാനിരുന്നു.

"ഹൗസ് സർജൻസി കഴിഞ്ഞാൽ മോൾ നാട്ടിലേക്ക് പോരില്ലേ?"സെബാസ്റ്റ്യൻ ബീനയോട് പഠനവിവരങ്ങൾ തിരക്കി.

"എം.എസ് അല്ലെങ്കിൽ എം.ഡിയാണ് എന്റെ മോഹം അപ്പച്ചാ, എം.എസ് ചെയ്യാനാണ് ഏറെയിഷ്ടം. ഓർത്തോപീഡിക്സിൽ സ്പെഷലൈസ് ചെയ്യണം."

"ഹൗസ് സർജൻസി കഴിഞ്ഞാൽ നാട്ടിലേക്ക് പോരണം. എൻട്രൻസ് എഴുതി നമുക്ക് കേരളത്തിൽ തന്നെ അഡ്മിഷൻ വാങ്ങാം." ജേക്കബ്.

"എനിക്ക് ചെന്നൈ എം.ജി.ആർ മെഡിക്കൽ കോളജിൽ അഡ്മിഷൻ കിട്ടിയേക്കും, ഡാഡീ"

ബീനയെ വീണ്ടും കേരളത്തിന് പുറത്തേക്ക് പഠിക്കാൻ വിടാൻ താൽപര്യമില്ലന്ന് സൂചന നൽകി ജേക്കബ് തുടർന്നു.

" കോഴ്സ് കഴിഞ്ഞാലുടൻ വീട്ടിലേക്ക് പോരണം. പിന്നീട് ചെന്നൈക്ക് പോകേണ്ട കാര്യമില്ല."ജേക്കബിന്റെ വാക്കുകളിലെ സൂചന തിരിച്ചറിഞ്ഞ ബിനു വിഷയം മാറ്റി.

"കാഞ്ഞിരപ്പള്ളി അച്ചായൻ എന്തേ ഇത്ര താമസിക്കുന്നു? എനിക്ക് കുറച്ച് സാധനം വാങ്ങാനുണ്ടാരുന്നു. നമുക്കൊന്ന് പുറത്തുപോയി വന്നാലോ ഡാഡീ?"

"മാത്തച്ചന്റെ കാര്യം ആർക്കറിയാം മോനേ, പാർട്ടിക്കാരെ കണ്ടാപ്പിന്നെ അവൻ എല്ലാം മറക്കും." അപ്പച്ചൻ.

"കാഞ്ഞിരപ്പള്ളി അച്ചായൻ ഇപ്പോഴും രാഷ്ട്രീയത്തിൽ ആക്ടീവാണല്ലേ അപ്പച്ചാ? ഈ കേരളാ പൊളിറ്റിക്സ് എന്തൊരു ബോറാ? എന്നിട്ടും അപ്പച്ചൻ എങ്ങനെയിതിഷ്ടപ്പെടുന്നു?"

"കുടുംബത്തിലെ ആർക്കെങ്കിലുമൊക്കെ രാഷ്ട്രീയത്തിൽ അൽപം സ്വാധീനമുള്ളത് നല്ലതാ മോനേ? മാത്തച്ചന്റെ സ്വാധീനത്തിലാ ജേക്കബിന്റെ പ്രശ്നങ്ങളിത്ര വേഗം പരിഹരിക്കാനായത്." അപ്പച്ചൻ.

"അതേ ബിനൂ, രാഷ്ട്രീയ സ്വാധീനം ഉള്ളതു നല്ലതുതന്നെയാ. കാഞ്ഞിരപ്പള്ളി അച്ചായന് രാഷ്ട്രീയമില്ലാതൊരു ജീവിതം ചിന്തിക്കാൻ കൂടി പറ്റില്ല.. കൂട്ടുകക്ഷി ഭരണമാകുമ്പോൾ ഓരോചെറു കക്ഷിക്കും അധികാരവുമുണ്ടാകും." ജേക്കബ്.

"എനിക്കു കുറച്ചു ഷോപ്പിംഗ് നടത്താനുണ്ട്. ഞങ്ങളെയൊന്ന് ടൗണിൽ വിടുമോ, ഡാഡീ."

"ഡാഡി റെസ്റ്റെടുത്തോട്ടെ ബീനാ. ഞാൻ ഡ്രൈവ് ചെയ്യാം."

"ഞാനും വരുന്നൂ നിങ്ങക്കൊപ്പം, അമ്മച്ചി വരുന്നോ?". മേരിയുടെ ചോദ്യം കേട്ട് അമ്മച്ചിചോദ്യഭാവത്തിൽ അപ്പച്ചനെ നോക്കി.

"എന്നാപ്പിന്നെ ഞങ്ങളും കൂടി വരാം, ഇവിടെ വന്നതിപ്പിന്നെ പുറത്തോട്ടെറങ്ങിയിട്ടേയില്ല."അപ്പച്ചൻ പറഞ്ഞു.

“നിങ്ങൾ എല്ലാരും കൂടി പൊയ്ക്കോ. ഞാൻ വരുന്നില്ല. കാഞ്ഞിരപ്പള്ളി അച്ചായൻ വരുമ്പോൾ ആരെങ്കിലും ഇവിടെ കാണണ്ടേ? എനിക്ക് കുറച്ച് ഫോൺകോളും ചെയ്യാനുണ്ട്.”ജേക്കബ് സ്വയം ഉൾവലിയാനുള്ള ശ്രമങ്ങളിലാരുന്നു.അൽപസമയത്തിനുള്ളിൽ ജേക്കബ് ഒഴികെ എല്ലാവരും പുറത്തുപോയി. ഹിന്ദു മുസ്ലീം ഏറ്റുമുട്ടലിനെ കുറിച്ചാണ് പത്രത്തിലെ പ്രധാന വാർത്ത. വിഭജന കാലത്തേതുപോലെ തന്നെ ഇന്നും മതത്തിന്റെ പേരിൽ രാജ്യത്ത് ഏറ്റുമുട്ടലും രക്തചൊരിച്ചിലും. വ്യക്തിപരവും സ്വകാര്യവുമായിരിക്കണം മതാധിഷ്ഠിത ജീവിതമെന്ന കാര്യം എല്ലാരും മറക്കുന്നു.ഏത് മതത്തിൽ വിശ്വസിക്കുന്നു എന്ന് നോക്കാതെ വേണം മറ്റുള്ളവരെ സ്നേഹിക്കാനും ബഹുമാനിക്കാനും. മതേതര, ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ മതത്തിന്റെ പേരിൽ ചോരപ്പുഴയൊഴുകുന്നു. വ്യത്യസ്തമതവിഭാഗങ്ങളെ ആദരിച്ചും സ്നേഹിച്ചും ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ ഐക്യത്തിന്റെ പ്രതീകമായി കേരളം കഴിയുന്നതിൽ ജേക്കബിന് മതിപ്പ് തോന്നി. മതത്തെയും സാമൂഹ്യജീവിതത്തെയും വേർതിരിക്കേണ്ടതെങ്ങനെയെന്ന് ഇവിടുത്തുകാർക്കറിയാം. 18ഉം 19ഉം നൂറ്റാണ്ടുകളിൽ, ഹിന്ദു ജാതി സമ്പ്രദായം നിലനിന്നിരുന്ന കാലത്ത് കേരളവും ജാതിക്കോമരങ്ങളുടെ നാടായിരുന്നു.. ഉന്നത ജാതിക്കാരും താഴ്ന്ന ജാതിക്കാരും തമ്മിൽ അന്തരവും ജാതികൾക്കിടയിൽ ഉപജാതികളുംമേറെയുണ്ടായിരുന്നു അക്കാലത്ത്.. ബ്രാഹ്മണർ ഉന്നത കുലജാതരെന്ന് കരുതപ്പെട്ടു. അവർക്കിടയിൽതന്നെ നമ്പൂതിരിമാരായിരുന്നു ഏറ്റവും ഉന്നതർ. നമ്പൂതിരി കുടുംബത്തിലെ മൂത്തമകനു മാത്രമേ നമ്പൂതിരി സമുദായത്തിൽ നിന്ന് വിവാഹം അനുവദിച്ചിരുന്നുള്ളൂ. മറ്റുള്ളവർ ക്ഷത്രിയ, നായർ, അമ്പലവാസി സമൂഹങ്ങളിൽ നിന്ന് വേണമായിരുന്നു വിവാഹം ചെയ്യാൻ. നായർ, തീയർ വിഭാഗങ്ങൾ യുദ്ധമുറകൾ പയറ്റിയിരുന്നു. ജാതിവ്യവസ്ഥപ്രകാരം തീയർ, ഈഴവ വിഭാഗങ്ങൾ നായരിലും താഴ്ന്നവരായിരുന്നു. പുലയർ, പറയർ, ഉള്ളാടൻ, കുറവ്, കമ്മാളൻ, വിഭാഗങ്ങളും കൊല്ലൻ, തട്ടാൻ, ആശാരി, കണിയാൻ, പറവൻ വിഭാഗങ്ങളും താഴ്ന്ന ജാതിയിലായിരുന്നു. ബ്രാഹ്മണ, ക്ഷത്രിയ, നായർ സമുദായങ്ങൾക്ക് സമൂഹത്തിൽ പ്രത്യേക അവകാശങ്ങളുണ്ടായിരുന്നു. ഉന്നതകുലജാതിക്കാരെ തൊടാനോ വീടുകളിൽ പ്രവേശിക്കാനോ താഴ്ന്നവർക്ക് അനുവാദമുണ്ടായിരുന്നില്ല.

നമ്പൂതിരിമാർക്ക്മുന്നിൽ താഴ്ന്ന ജാതിക്കാരെത്തിയാൽ അയിത്തമാണ്. ഉന്നത ജാതിക്കാർ കടന്നുപോകുമ്പോൾ താഴ്ന്ന ജാതിക്കാർ വഴി മാറി നടക്കണമെന്നതായിരുന്നു ചിട്ട. ഉന്നതജാതിക്കാർ വേലക്കാരെ മുന്നിൽ നിർത്തി ‘ദൂരെപ്പോകൂ , ദൂരെപ്പോകൂ’ എന്ന് വിളിച്ചു പറഞ്ഞിരുന്നു. മാറി നടക്കാഞ്ഞാൽ നിയമലംഘനത്തിന് രാജാവിന്റെ പോലിസ് കീഴ്ജാതിക്കാരിൽ കുറ്റം ചുമത്തുന്നതും അന്നൊക്കെ പതിവായിരുന്നു.

മലബാറിലെ മുസ്ലീങ്ങളെ ഉന്നതകുലജാതിക്കാരെന്ന് കരുതിയിരുന്നു. സാമ്പത്തികമായി ദരിദ്രരായിരുന്നു താഴ്ന്ന ജാതിക്കാർ. അവർക്ക് അവകാശങ്ങളോ ആനുകൂല്യങ്ങളോ ഇല്ലായിരുന്നു. താഴ്ന്ന ജാതിയിലെ സ്ത്രീകൾ മാറ് മറച്ചിരുന്നില്ല.ജേക്കബ് വളർന്ന സമയത്തൊക്കെ ജാതി സമ്പ്രദായം കുറെയെല്ലാം ഇല്ലാതായിരുന്നു. ഓരോ ജാതികളും ഉപജാതികളും അവരുടെ വ്യക്തിത്വം സൂക്ഷിച്ചിരുന്നു അപ്പോഴും.

ഓരോ മതത്തിനും വേറിട്ട വിശ്വാസങ്ങളാണ് അന്നും ഇന്നും. വ്യത്യസ്ത ജാതികൾക്ക് വ്യത്യസ്ത രീതികളും പാരമ്പര്യങ്ങളും. സ്വന്തം മക്കളുടെ കാര്യത്തിൽ വ്യത്യസ്ത മതവിഭാഗങ്ങളുമായുള്ള വിവാഹത്തോട് ജേക്കബിന് യോജിക്കാനാവുമായിരുന്നില്ല. മതപരമായ കാരണങ്ങൾക്കൊപ്പം സാമൂഹ്യവും കുടുംബപരവുമായ കാരണങ്ങളും വ്യത്യസ്ത മതക്കാരുമായുള്ള മക്കളുടെ വിവാഹത്തിൽ നിന്ന് ജേക്കബിനെ പിന്തിരിപ്പിച്ചു.

കുടുംബപാരമ്പര്യങ്ങളിലും മതവിശ്വാസങ്ങളിലും അടിയുറച്ച് വിശ്വാസിയാണ് ജേക്കബ്... ഐ.എ.എസ് ഓഫീസർ എന്ന നിലയിൽ രാജ്യത്തെ മതേതര, ജനാധിപത്യ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കാനുള്ള ബാധ്യതയെകുറിച്ചും ബോധ്യമുണ്ട്. സ്കൂളിലും കോളജിലും പഠിക്കുന്ന കാലത്ത് കൂട്ടുകാരോടൊന്നും മതത്തെയും ജാതിയെയും കുറിച്ച് ഒരിക്കലും ചർച്ച ചെയ്തിട്ടില്ലെന്ന് ജേക്കബ് ഓർത്തു. പക്ഷേ കുടുംബത്തിനൊപ്പമാകുമ്പോൾ മതവും പാരമ്പര്യങ്ങളുമൊക്കെ പ്രധാനപ്പെട്ടതു തന്നെ.

പെട്ടെന്ന് ഡോർബെൽ റിംഗ് ചെയ്തു. ജേക്കബ് വാതിൽ തുറന്നു. മാത്തച്ചൻ അകത്തേക്ക് കയറി.

“എങ്ങനെയുണ്ടായിരുന്നു മീറ്റിംഗും പാർട്ടിയും അച്ചായാ?”.

“എല്ലാം നന്നായിരുന്നു. ഞാൻ കാര്യങ്ങളെല്ലാം പറഞ്ഞു ശരിയാക്കിയിട്ടുണ്ട്. സപ്ലയറോട് സംസാരിക്കാൻ ആളെ ഏർപ്പാടാക്കിയിട്ടുമുണ്ട്. കൈക്കൂലിയായല്ല, ലോണായിട്ടാണ് പണം വാങ്ങിയതെന്ന് സപ്ലയർ അന്വേഷണോേദ്യാഗസ്ഥനോട് പറയും. ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നിന്നും വിളിക്കും; ജോലിയിൽ തിരിച്ചുകയറുന്നകാര്യം പറയാൻ. ട്രാൻസ്പോർട്ടിൽ തന്നെ നിയമിക്കപ്പെടാനാണ് സാധ്യത. അടുത്തയാഴ്ച സപ്ലയർക്ക് പണം കൊടുക്കണം. മധ്യസ്ഥൻ വന്ന് സംസാരിച്ചോളും.”

“ശരിയച്ചായാ, പക്ഷേ ട്രാൻസ്പോർട്ട് തന്നെ കിട്ടുമോ?”

“കിട്ടാനാണ് സാധ്യത. മുഖ്യമന്ത്രിയാണ് തീരുമാനമെടുക്കേണ്ടത്. എനിക്ക് തോന്നുന്നു, മറ്റേതെങ്കിലും വകുപ്പിലേക്ക് മാറുന്നതാവും ഉചിതമെന്ന്? കേസിൽ കുറ്റക്കാരനല്ലെന്ന് തെളിഞ്ഞാൽ മറ്റേത് വകുപ്പിലേക്ക് മാറ്റിക്കിട്ടിയാലും പ്രശ്നമില്ല.ഇത് ജീവിതത്തിൽ തന്നെ വലിയൊരു പാഠമാകട്ടെ.”

“തീർച്ചയായും. . ഞാൻ ഇനിയെന്നും സത്യസന്ധനും സമർഥനുമായ ഓഫീസറായിരിക്കും. അവർ ഏത് വകുപ്പ് തന്നാലും ഞാൻ സ്വീകരിക്കും.”

“എന്തായാലും സന്തോഷമായിരിക്കൂ. എല്ലാം നന്നായി വരും. അതിരിക്കട്ടെ, എല്ലാവരും എവിടെ പ്പോയി ? ആരെയും കാണുന്നില്ലല്ലോ?

“എല്ലാരും കൂടി ടൗണിൽ ഷോപ്പിംഗിനുപോയി. ഉടനെ മടങ്ങിയെത്തും. അച്ചായൻ ഭക്ഷണം കഴിച്ചോ?”

“ഉവ്വ്, ഇനിയൊന്നുറങ്ങിയാൽ മതി. കാറിന്റെ ശബ്ദം കേട്ട് ജേക്കബ് വാതിൽ തുറന്നു. ബിനുവും ബീനയും കാഞ്ഞിരപ്പള്ളി അച്ചായനെ കണ്ട് ഓടിയെത്തി.

“എന്തുണ്ട് മക്കളേ വിശേഷം? ബിനൂ, നിന്റെ ജോലിയൊക്കെ നന്നായി പോകുന്നോ? മോളുടെ പഠനം എന്ന് തീരും? രണ്ടുപേരെയും ഒന്നു കാണാൻ പറ്റിയല്ലോ?”. ഒറ്റശ്വാസത്തിൽ ഏറെ കാര്യങ്ങൾ അച്ചായൻ ചോദിച്ചു.

“സുഖം തന്നെ അച്ചായാ, ഞാനിപ്പോൾ അമേരിക്കയ്ക്ക് പോകാനുള്ള തയാറെടുപ്പിലാ.” ബിനു.

“ഹൗസ് സർജൻസി 6 മാസം കൂടിയുണ്ട്. എം.എസിന് അഡ്മിഷൻ സംഘടിപ്പിക്കണം.” ബീന.

“എന്നത്തേക്കാണ് മോനേ, യു.എസ് യാത്ര?”

“ഒന്നു രണ്ടു മാസത്തിനുള്ളിൽ വിസ കിട്ടും. കിട്ടിയാലുടൻ പോകണം.”

“പോകുംമുമ്പ് കുറച്ചു ദിവസം ഇവിടെ വന്നു നിൽക്കുമോ? അപ്പോഴേക്കും ഞങ്ങൾ ഇവിടെയൊരു പെൺകുട്ടിയെ കണ്ടുവെയ്ക്കാം.” അപ്പച്ചൻ കല്യാണക്കാര്യം പറഞ്ഞുതുടങ്ങുമ്പോഴേക്കും് മേരി വന്ന് എല്ലാരെയും ഊണിന് വിളിച്ചു.

“ഞാൻ പുറത്തുനിന്ന് കഴിച്ചു. ഇന്നു വൈകിട്ടുതന്നെ കുമരകത്തിന് പോയാലോന്ന് ആലോചിക്കുകയായിരുന്നു.”

സെബാസ്റ്റ്യനെ നോക്കിക്കൊണ്ട് “നമുക്കിന്ന് തന്നെയങ്ങ് പോയാലോ?”

“നാളെ പോകാം അച്ചായാ. ഞാനിന്ന് പാർട്ടിക്കാര്യം അറേഞ്ച് ചെയ്തു കഴിഞ്ഞു്. ഇനി ഇതുപോലൊരു ചാൻസ് ഉടനെയൊന്നും കിട്ടിയേക്കില്ല. ബിനു ഉടനെ യു.എസിന് പോകുവല്ലേ? ജേക്കബ് വീണ്ടും പറഞ്ഞു

“ഇന്നും കൂടി ഇവിടെ തങ്ങാം മാത്തച്ചാ.” സെബാസ്റ്റ്യൻ.

“ബിനു നീയും കുമരകത്തിന് പോകുന്നുണ്ടല്ലോ? വല്യപ്പച്ചനെ കാണണ്ടേ നിനക്ക്? മാത്തച്ചൻ നിന്നെ കൊച്ചിയിൽ കൊണ്ടുവിടും.”ജേക്കബിന്റെ ചോദ്യത്തിന് ബിനു സമ്മതത്തിൽ തലയാട്ടി. മാത്തച്ചനൊഴികെ എല്ലാവരും ഭക്ഷണത്തിനിരുന്നു.

“അമേരിക്കയ്ക്ക് പോകും മുമ്പ് കുറച്ചുദിവസം നാട്ടിൽ വന്നു നിന്നിട്ടേ പോകാവൂ മോനേ.” അപ്പച്ചൻ.

“ശ്രമിക്കാം അപ്പച്ചാ, ഒരാഴ്ചത്തെ ലീവേ് കിട്ടിയേക്കൂ. കുറച്ചു ഡ്രസൊക്കെ വാങ്ങാനുണ്ട്. കുറച്ചു സ്വെറ്ററും കമ്പിളിയുമൊക്കെ കരുതണം. യു.എസിലിപ്പോൾ നല്ല തണുപ്പാണെന്നാ കേട്ടത്.”

“ബിനു നീ എന്റെയടുത്തേക്ക് വരുന്നൂന്ന് പറഞ്ഞിട്ട് ഇതുവരെ വന്നില്ലാട്ടോ?”

“പോകുന്നതിനു മുമ്പ് നിന്റെയടുത്തു വന്നിട്ടു പോകണമെന്നുണ്ട് മോളെ.”

“എല്ലാം കൂടി അവസാനനിമിഷം ചെയ്യാമെന്ന് വച്ചാൽ ഒന്നും നടക്കില്ല മോനേ.” മേരി.

“പോകും മുമ്പ് അവന്റെ കല്യാണം കൂടി നടത്തിവിടാം മക്കളെ. അല്ലെങ്കിൽ അവൻ അവിടെ ചെന്ന് നല്ല മദാമ്മയെയും കെട്ടിയെങ്കിലോ?”

“ഞാൻ അങ്ങനൊന്നും ചെയ്യില്ലമ്മച്ചി. ഞാനൊരു ഇന്ത്യൻ പെൺകുട്ടിയെ തന്നെയേ കെട്ടൂ.”

“മാത്തച്ചൻ അവന്റെ കൂട്ടുകാരന്റെ മകളെ കുറിച്ച് പറയുന്നതു കേട്ടു. എം.സി.എക്കാരിയാണ്. മെഡിക്കൽ കോളജിനടുത്താ വീട്. നാളെ പോകുംവഴി ഒന്ന് കേറിക്കണ്ടാലോ മോനേ?”

“ഇപ്പോൾ വിവാഹത്തെകുറിച്ച് ചിന്തിക്കാനൊന്നും സമയമില്ലപ്പച്ചാ. സമയമാകുമ്പോൾ ഞാൻ പറയാം.”

“അതു ശരിയാ. അവനെയിപ്പോ ശല്യപ്പെടുത്താതെ.” ബീന ചേട്ടന്റെ രക്ഷയ്ക്കെത്തി.

മേരിയും ജേക്കബും മുഖത്തോട് മുഖം നോക്കിയെങ്കിലും ഒന്നും മിണ്ടാതെ നിന്നു. ഭക്ഷണം കഴിഞ്ഞ് എല്ലാരും ഉറങ്ങാൻ പോയി. ജേക്കബ് മാത്രം ലിവിംഗ് റൂമിലിരുന്ന് ചിന്തയിലാണ്ടു. താൻ വളർന്നുവന്ന

സാഹചര്യത്തിൽ നിന്ന് വ്യത്യസ്തമായ സാഹചര്യങ്ങളാണിന്ന്. കുട്ടികൾ ഏതിനും നേരിട്ടുത്തരം പറയും. മാതാപിതാക്കളും വല്യപ്പച്ചനും വല്യമ്മച്ചിയും എന്ത് ചിന്തിക്കുമെന്നൊന്നും അവർക്ക് പ്രശ്നമല്ല. സമൂഹം എന്തു കരുതുമെന്നുമില്ല ചിന്ത. അപ്പച്ചനും, അമ്മച്ചിയും പറയുന്നതിനപ്പുറമൊന്നും ചെയ്തിട്ടില്ല തന്റെ ചെറുപ്പത്തിൽ. ഏത് കോളജിൽ പഠിക്കണം, ഏതു പെൺകുട്ടിയെ വിവാഹം ചെയ്യണം എന്നൊക്കെ തീരുമാനമെടുക്കാൻ മാതാപിതാക്കൾ ഇടപെട്ടിരുന്നു. വല്യപ്പച്ചനെയും വല്യമ്മച്ചിയെയും ബഹുമാനിച്ചിരുന്നു. വല്യപ്പച്ചന്റെ കസേരയിലിരിക്കാൻ പോലും ഭയന്നിരുന്നു കുട്ടിക്കാലത്ത്. പെൺകുട്ടികൾക്ക് ഒരു സ്വാതന്ത്ര്യവുമില്ലായിരുന്നു ഒന്നിനും . കാലംമാറി. ഇന്നത്തെ കുട്ടികൾക്ക് തീരുമാനമെടുക്കാൻ സ്വാതന്ത്ര്യമുണ്ട്.

ഇന്നത്തെ തലമുറയ്ക്ക് സ്നേഹം മാത്രമേയുള്ളൂ. ബഹുമാനിക്കാൻ അറിയില്ല. അവർക്ക് വിഷമങ്ങളില്ല. പ്രയാസങ്ങളറിയില്ല. വല്യപ്പച്ചൻ വളർന്ന കാലത്തെകുറിച്ചൊക്കെ ഒത്തിരി പറഞ്ഞു കേട്ടിട്ടുണ്ട്. അന്നൊക്കെ സൗകര്യങ്ങൾ തീരെ കുറവായിരുന്നു. കാറില്ല. ഇലക്ട്രിസിറ്റിയില്ലാ ..നല്ല റോഡുകൾ പോലുമില്ല. കുമരകത്തെകുറിച്ച് പറഞ്ഞാൽ ഇല്ലായ്മകളേ ഉണ്ടായിരുന്നുള്ളൂ. തോടുകളും ആറുകളും കടന്നു വേണം അവിടെയെത്താൻ. തിരുവാതുക്കൾ കവലയിൽ വരെ ബസ് വരും. സാധനം വല്ലതും കൊണ്ടുപോകണമെങ്കിൽ കാളവണ്ടിയോ പിടിവണ്ടിയോ വേണം. ആറിലൂടെയാണെങ്കിൽ കെട്ടുവള്ളമിറക്കണം. വെളിച്ചത്തിന് മണ്ണെണ്ണ വിളക്കാണ് ആശ്രയം.ബ്രിട്ടീഷുകാരുടെ കാലത്താണിവിടെ റാന്തൽ വിളക്ക് വന്നത്. ചൂട്ടുകറ്റയും പന്തവുമൊക്കെ കൊളുത്തിയാണ് രാത്രിയിലെ നടത്തം. കുടകൾക്ക് പകരം ഓലക്കുടകളായിരുന്നു. ഫാനിന്റെ സ്ഥാനത്ത് പാളകൾ വിശറിയായി ഉഷ്ണമകറ്റി. വേഷത്തെക്കുറിച്ചു പറഞ്ഞാൽ കാച്ചട്ടയും നിക്കറുമൊന്നുമില്ല, എല്ലാരും മുണ്ടുടുത്തു നടന്നു. കളിപ്പാട്ടങ്ങളുമില്ല. കുട്ടികൾ ഓലപ്പന്തുകളച്ചു. കോലുകളി, കുക്കുടു, കിളികളി, ഇവയൊക്കെയായിരുന്നു ഉല്ലാസത്തിനുള്ള വഴികൾ. കൊതുമ്പുവള്ളമെന്ന് പറയുന്ന കൊച്ചുബോട്ടുകളിലായിരുന്നു കുമരത്തുകാരുടെ യാത്ര. ശുദ്ധജലം കിട്ടാനുമുണ്ടാവില്ല. ദൂരെപോയി വേണം വെള്ളമെടുക്കാൻ. വീട്ടിൽ ഇലക്ട്രിസിറ്റിയെത്തിയ ദിവസം, ജേക്കബിനെ ഇന്നും ഓർമയുണ്ട്. സ്ട്രീറ്റ് ലൈറ്റൊക്കെ വന്നത് പിന്നീട് ഏറെക്കാലം കഴിഞ്ഞാണ്. കുമരകത്തെ വീടുകളിലേറെയും കുടിലുകളായിരുന്നു. വളരെ കുറച്ചാൾക്കാർക്കേ രണ്ടുനില വീടുകളുള്ളു അന്ന്.

എൻജിനീയർമാർ പ്ലാൻ ചെയ്തൊന്നുമല്ല വീട് നിർമാണം. അറയും നിരയുമുള്ള വീടുകൾ മരാശാരിമാരും കല്ലാശാരിമാരും രൂപകൽപന ചെയ്തു.ഇലകൾ കൊണ്ടു നെയ്ത പായയിലായിരുന്നു ഉറക്കം. തെങ്ങുംതടിയിലും കയറിലും തീർത്ത കയറുകട്ടിൽ പണക്കാരുടെ വീടുകളിൽ കണ്ടിരുന്നു. കോട്ടൻ മെത്തകളുമുണ്ടായിരുന്നു. ടി.വിയെക്കുറിച്ചൊന്നും അക്കാലത്ത് കേട്ടിട്ടുടെയില്ല. റേഡിയോയാണ് ഏക വിനോദോപാധി.സിനിമ കാണാൻ പോകുന്ന ശീലമൊന്നുമില്ല. തങ്ങളുടെ അടുത്ത വീട്ടിൽ ഗ്രാമഫോണുണ്ടായിരുന്നുവെന്ന് ജേക്കബ് ഓർത്തു. പകിടകളിയായിരുന്നു സമയംകളയാനുള്ളൊരു മാർഗം. റെസ്ലിംഗും ജനം ഇഷ്ടപ്പെട്ടു. ഇന്നിപ്പോൾ ടി.വിയും മൊബൈൽ ഫോണുമില്ലാതെ പ്രായമായവർക്കു പോലും ജീവിക്കാൻ പറ്റില്ല. കുട്ടിക്കാലത്ത് കുമരകത്തെങ്ങും ഒരു കാർ പോലും കണ്ട ഓർമയില്ല ജേക്കബിന്. പള്ളിയിൽ വല്ല കല്യാണത്തിനോ മറ്റോ ഒരു കാറെങ്ങാൻ കണ്ടെങ്കിലായി. ഇന്നിപ്പോൾ നാടും നഗരവും എത്ര മാറിയിരിക്കുന്നു.

മറ്റ് വീടുകളിലേക്കോ പള്ളികളിലേക്കോ അല്ലാതെ സ്ത്രീകൾ പുറത്തിറങ്ങാറില്ല. ആൾക്കാർ ചുറ്റും കൂടിയിരുന്ന് കാര്യങ്ങൾ സംസാരിക്കും. പ്രാർഥനാ യോഗങ്ങളും മറ്റും കഴിഞ്ഞ് എല്ലാരും ചേർന്നിരുന്ന് സംസാരിക്കും.ഇന്നിപ്പോൾ ഐ.ടി രംഗത്തും വാർത്താവിനിമയ രംഗത്തും വിപ്ലവകരമായ മാറ്റങ്ങളാണ്. എല്ലാവർക്കും ലോകത്തിന്റെ ഏതു കോണിലിരുന്നും പരസ്പരം സംസാരിക്കാം, കത്തിടപാടു നടത്താം. ജീവിതരീതി തന്നെ മാറിയിരിക്കുന്നു.

കോട്ടയത്തിന്റെ കിഴക്ക് മുഴുവൻ വന്യമൃഗങ്ങൾ നിറഞ്ഞ കാടുകളായിരുന്നുവെന്ന് വല്യപ്പച്ചൻ പറഞ്ഞുകേട്ടിട്ടുണ്ട്. കാഞ്ഞിരപ്പള്ളി പ്രദേശങ്ങളിൽ പോലും ആനകളും കടുവകളും കുറുക്കനുമൊക്കെയുണ്ടായിരുന്നു. ഹൈറേഞ്ച് പ്രദേശവും വനമായിരുന്നു. ബ്രിട്ടീഷുകാരാണ് കാട് വെട്ടിത്തെളിച്ച് ഇവിടെ തേയിലയും കാപ്പിയുമൊക്കെ കൃഷി ചെയ്തത്. കണ്ണൻ ദേവനൊക്കെ ബ്രിട്ടീഷ് കമ്പനിയായിരുന്നു.

20 വർഷം മുമ്പ് ജേക്കബ് ജില്ലാ കലക്ടറായിരുന്നപ്പോൾ ദീർഘദൂര ടെലിഫോൺ സംഭാഷണം വളരെ ബുദ്ധിമുട്ടായിരുന്നു. കമ്പ്യൂട്ടറുകളും ഫാക്സ് മെഷീനും മൊബൈൽ ഫോണുമില്ലായിരുന്നു അക്കാലത്ത്.എന്തൊക്കെ മാറിയാലും സ്നേഹവും വെറുപ്പും വിശ്വാസവുമൊക്കെ മനുഷ്യമനസുകളിൽ മാറ്റമില്ലാതെ തുടരും.

അന്തിവെയിൽ പടർന്നു തുടങ്ങി. എല്ലാവരും വിശ്രമം കഴിഞ്ഞെണീറ്റു പുരുഷന്മാരെല്ലാവരും ലിവിംഗ് റൂമിലിരിക്കുന്നു.

“ഇന്നലത്തെ ബോട്ടിലിൽ കുറച്ചു ബാക്കിയുണ്ട്. നമുക്കത് തീർക്കാം. കുട്ടികളെയും വിളിക്ക്. നമുക്കൊന്നാഘോഷിക്കാം.” മാത്തച്ചൻ. ജേക്കബ് മക്കളെ വിളിച്ചു.

“വരൂ മക്കളെ, നമുക്കൊന്നിച്ചിരിക്കാം.” കൊച്ചുമക്കളെ വിളിച്ചിട്ട് മാത്തച്ചൻ കുപ്പി തുറന്നു. കുറച്ച് തണുത്തവെള്ളവും ഗ്ലാസും കൊണ്ടുവരാൻ ജേക്കബിനോട് പറഞ്ഞു.

ജേക്കബും സെബാസ്റ്റ്യനും മാത്തച്ചനും കുടിക്കാൻ തുടങ്ങി. മാത്തച്ചൻ ബീനയെ അടുത്ത് വിളിച്ച് കൈകൾ എടുത്തു പിടിച്ച് പറഞ്ഞു.

“മോളൊരു സർജനായി കാണണമെനിക്ക്.അപ്പച്ചന്റെ വലിയൊരാഗ്രഹമാ ”

“ശരിയപ്പച്ചാ, ഒരു ഓർതോപീഡിക് സർജനായി കേരളത്തിൽ വന്ന് പ്രാക്ടീസ് ചെയ്യണമെന്നാ എന്റെയും ആഗ്രഹം. ഇവിടെധാരാളം അപകടങ്ങളുണ്ടാകുന്നുണ്ടല്ലോ” ബീന.

“അത് ശരിയാ മോളേ, നല്ല പ്ലാൻ.” മാത്തച്ചൻ.

“ഈ രാഷ്ട്രീയക്കാരെകൊണ്ട് സംസാരിക്കാനേ കൊള്ളൂ മോളേ, അവരീ റോഡൊന്നും നന്നാക്കാനോ പുതിയവ പണിയാനോ പോകുന്നില്ല. വാഹനങ്ങൾ ദിവസവും കൂടി വരുന്നുമുണ്ട്.” സെബാസ്റ്റ്യൻ.

“രാഷ്ട്രീയത്തിൽ നല്ല പിടിപാടല്ലേ മാത്തച്ചന്.നേതാക്കളോട് പറ, എന്തെങ്കിലുമൊന്ന് ഈ റോഡുകൾക്കുവേണ്ടി ചെയ്യാൻ.  അതെങ്ങനാ? നാടിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ അവർക്ക് താൽപര്യമുണ്ടായിട്ടുവേണ്ടേ.”

“അതിനൊക്കെ ഒത്തിരി നടപടിക്രമങ്ങളുണ്ടച്ചായാ. ഗവൺമെന്റിന് എന്തെങ്കിലും ചെയ്യണമെങ്കിൽ പണം വേണം. പിന്നെ ഓരോ പദ്ധതികളും അവയുടെ മുൻഗണനാടിസ്ഥാനത്തിലേ തുടങ്ങാനാവൂ.” മാത്തച്ചൻ.

“നല്ലയൊരു പദ്ധതി റിപ്പോർട്ട് കൊടുത്താൽ കേന്ദ്രത്തിൽ നിന്ന് പണം ലഭിക്കും. ഇവിടെ, എവിടെ ച്ചെന്നാലും ട്രാഫിക് കുരുക്കാണ്. റോഡുകൾ ആവശ്യത്തിനില്ല.” സെബാസ്റ്റ്യൻ.

“പണ്ടൊക്കെ വളരെ കുറച്ചു പേർക്കേ കാറുണ്ടായിരുന്നുള്ളൂ. ഞങ്ങളെ പോലെയുള്ള എസ്റ്റേറ്റ് ഉടമകൾക്ക് മാത്രം. ഇന്നിപ്പോൾ അഞ്ച്  ഏക്കർ റബറുള്ളവനും സ്വന്തം കാറാണ്. ഇവരുടെയൊക്കെ മക്കൾ ഗൾഫിലും യൂറോപ്പിലും അമേരിക്കയിലുമൊക്കെയുണ്ടാകും.”  മാത്തച്ചൻ.

“ഞങ്ങളെ പോലെയുള്ള പാവം അധ്യാപകർക്ക്  മാത്രമാണിന്ന്കാറില്ലാത്തത്. കുമരകത്തുപോലും ഒത്തിരിപേർക്ക് കാറുണ്ട്. ഇന്നിപ്പോൾ ആർക്കും നടക്കാൻ കഴിയില്ല. ഞാനോർക്കുന്നു, കുട്ടിയായിരിക്കെ കുമരകത്തു  നിന്ന് കോട്ടയം വരെ നടന്നു പോയിരുന്നത്. ഇന്നിപ്പോൾ ഒരു മൈൽ യാത്ര ചെയ്യാനാണെങ്കിലും ആളുകൾ ഓട്ടോ വിളിക്കും.” അച്ചായൻ പറഞ്ഞു.

“ആളുകൾക്ക് കൂടുതൽ പണവും സുഖസൗകര്യങ്ങളും ഉണ്ടാകുന്നത് നല്ലതല്ലേ ഡാഡീ.” ബീന ചോദ്യഭാവത്തിൽ ജേക്കബിനെ നോക്കി.

“നല്ലതു തന്നെ മോളേ, ഇന്നിപ്പോൾ വിദേശ മലയാളികളിൽ നിന്നുള്ള വരുമാനമാണ് കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഇത്രയും തിരുത്തിയിരിക്കുന്നത്. ടൂറിസം രംഗത്തുമുണ്ടീ മാറ്റം. ഞാൻ ടൂറിസം സെക്രട്ടറിയായിരുന്നപ്പോ ടൂറിസം രംഗത്ത് പണം മുടക്കണമെന്നും പറഞ്ഞ് വിദേശ മലയാളികളുടെ കാല് പിടിച്ചിട്ടുണ്ട്. പണം മുടക്കാൻ പക്ഷേ അന്നവർക്ക് ആത്മവിശ്വാസമില്ലായിരുന്നു. കേരളം ഒരിക്കലും പുരോഗമിക്കില്ലെന്ന് അവർ വിശ്വസിച്ചു. ഇന്ന് പക്ഷേ ചിന്തകൾ മാറി. സമീപനം മാറി. ഇന്ത്യയിലെ തന്നെ ഏറ്റവും മുൻപന്തിയിലുള്ള ടൂറിസ്റ്റ് മേഖലയാണിന്ന് കേരളം.”

“നീ പറഞ്ഞതു ശരിയാ മോനേ, കേരളം ഇന്ന് മാറിയിരിക്കുന്നു. എവിടെ നോക്കിയാലും മുന്തിയ ഹോട്ടലുകളും റസ്റ്റോറന്റുകളും. ഞങ്ങളുടെ ചെറുപ്പത്തിലൊന്നും ഇങ്ങനത്തെ സൗകര്യങ്ങളൊന്നും ചിന്തിക്കാൻ കൂടിയാകുമായിരുന്നില്ല.” സെബാസ്റ്റ്യൻ മകനെ നോക്കി പറഞ്ഞു.

ഇടയ്ക്ക് മേരി വന്ന് എല്ലാവരെയും ഭക്ഷണത്തിന് വിളിച്ചു.

“കുടിക്കാനിത്തിരി  എടുക്കട്ടേ ബിനൂ?” മാത്തച്ചന്റെ ചോദ്യം കേട്ട് ബിനു ഒന്ന് അമ്പരന്നു.

“വേണ്ടപ്പച്ചാ, ഞാൻ കുടിക്കാറില്ല.” ബിനു നയം വ്യക്തമാക്കി.

“നല്ല കുട്ടി. എന്റെ മോനാ അവൻ, അവൻ അങ്ങനേ വരൂ. നിന്റെ അപ്പച്ചനെയും വല്യപ്പച്ചനെയും പോലാകരുത് മോനേ.”

മേരി ബിനുവിന്റെ ഭാഗം ചേർന്നു പറഞ്ഞത് മാത്തച്ചനത്ര പിടിച്ചില്ല.

“പോടീ അവിടുന്ന്, ഇത് വെറും തമാശയ്ക്കു വേണ്ടിയാ, അല്ലാതെ ഞങ്ങളത്ര മുഴുക്കുടിയന്മാരൊന്നുമല്ല.”, മാത്തച്ചൻ എല്ലാരെയും ന്യായീകരിച്ചു കൊണ്ട് പറഞ്ഞു.

“വൈകുന്നേരം കുമരകത്തൂടെ ഒന്ന് നടന്നു നോക്ക്, ഒരൊറ്റ മനുഷ്യൻ നേരെ നടക്കുന്നതു കാണാനുണ്ടാകില്ല.” സെബാസ്റ്റ്യനും മരുമകന്റെ രക്ഷയ്ക്കെത്തി.

“മദ്യപാനം ഈ നാട്ടിലെ വലിയൊരു പ്രശ്നമാണിന്ന്.”

ബിനു പറഞ്ഞു.

“ശരിയാ. പക്ഷേ, മദ്യമെന്നത് ഗവൺമെന്റിന്റെ പ്രധാന വരുമാനങ്ങളിലൊന്നാണ്. ഗവൺമെൻറ് നടത്തുന്ന വിദേശമദ്യഷോപ്പുകൾ സാദാ കള്ളുഷാപ്പുകളെക്കാൾ കൂടുതൽ പണമുണ്ടാക്കുന്നുണ്ട്.”ജേക്കബും പിന്താങ്ങി.

“എനിക്കറിയാംമേലേ.... ഈ കുടികൊണ്ടുള്ള നേട്ടമെന്താന്ന്? കുമരകത്തൊക്കെ എത്രയോ വീടുകളിൽ കുടിയൻമാരെക്കൊണ്ട് പെണ്ണുങ്ങൾ മടുത്തു കഴിഞ്ഞിരിക്കുന്നു. ആ പെണ്ണുങ്ങളുടെയും കുഞ്ഞുങ്ങളുടെയും വേദന ഒന്നു കാണേണ്ടതുതന്നെ.” അമ്മച്ചിയും ചർച്ചയിലേക്ക് വരികയാണ്.

ഫോൺ ബെല്ലടിക്കുന്നതു കേട്ട് ജേക്കബ് ചെന്നെടുത്തു. കുമരകത്തു നിന്ന് ശങ്കരനാണ്.

“ഹലോ സർ, ഞാൻ ശങ്കരനാ്. സെബാസ്റ്റ്യൻ സാറവിടുണ്ടോ? ഒന്നു കൊടുക്കുമോ?”

“ഞാൻ ജേക്കബാണ് ശങ്കരാ, എന്താണെങ്കിലും പറഞ്ഞോളൂ. അപ്പച്ചന് കുഴപ്പമൊന്നുമില്ലല്ലോ?”

“അതു പറയാനാ സാർ ഞാൻ വിളിച്ചത്. അപ്പച്ചന് നല്ല സുഖമില്ല. ആരോഗ്യസ്ഥിതി തീരെ മോശമാണ്.”

“ശങ്കരനാണ് സംസാരിക്കുന്നതച്ചായാ. അപ്പച്ചന് സുഖമില്ലെന്ന്.” പറഞ്ഞുകൊണ്ട് ജേക്കബ് ഫോൺ അച്ചായന് കൈമാറി.

“എന്താണ് ശങ്കരാ പ്രശ്നം. അപ്പച്ചനെന്താ കുഴപ്പം. ഡോക്ടറെ വിളിച്ചോ?”

“അപ്പച്ചൻ ഇന്നിതേവരെ ഭക്ഷണം കഴിച്ചിട്ടില്ല. ഉറങ്ങിയെണീറ്റപ്പോഴേ പറഞ്ഞിരുന്നു, നല്ല ക്ഷീണമുണ്ടെന്ന്. ഞാൻ  അപ്പുറത്തു നിന്ന് എബ്രഹാം സാറിനെ വിളിച്ചു. (സെബാസ്റ്റ്യന്റെ സഹോദരനാണ് ഏബ്രഹാം)  സാർ പറഞ്ഞതനുസരിച്ച് ഡോക്ടർ വന്ന് പരിശോധിച്ച് ഇൻജക്ഷനും മരുന്നും കൊടുത്തിട്ട് പോയത്. ഇപ്പോ മരുന്ന് കൊടുക്കാൻ വിളിച്ചപ്പോ ഒന്നും മിണ്ടുന്നില്ല.  മുഖത്ത് നല്ല ക്ഷീണവു ം കാണുന്നുണ്ട്.” ശങ്കരൻ ഒറ്റശ്വാസത്തിൽ പറഞ്ഞു നിർത്തി.

“ഏബ്രഹാമിനെ വിളിച്ചൊന്ന് പറഞ്ഞേക്ക് ശങ്കരാ. എന്തായാലും ഞങ്ങളുടനെ പുറപ്പെടുന്നു. രാത്രി തന്നെ അങ്ങെത്തും. എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ എന്റെ മൊബൈലിൽ ഒന്നു വിളിക്കണേ, നമ്പർ അറിയാമല്ലോ?”

“അറിയാം സർ.” - സെബാസ്റ്റ്യൻ ഫോൺ വച്ചു.

“നമുക്കുടനെ തന്നെ കുമരകത്തിന് പോകണം. അപ്പച്ചന് നല്ല സുഖമില്ല.”

അന്നമ്മയുടെ നേർക്ക് തിരിഞ്ഞ് സെബാസ്റ്റ്യൻ പറഞ്ഞു.

“ഞാനൊരു ടാക്സി വിളിക്കാം. എന്തായാലും നമുക്ക് എല്ലാർക്കും കൂടി വല്യപ്പച്ചനെ കാണാൻ പോകാം. കുഴപ്പമൊന്നുമില്ലെങ്കിൽ നാളെ തിരിച്ചു വരാം. എനിക്ക് തിങ്കളാഴ്ച ചീഫ് സെക്രട്ടറിയെ ഒന്ന് കാണുകയും വേണം. ഇപ്പോൾ പോയില്ലെങ്കിൽ ഇനി കാണാൻ അവസരം ലഭിച്ചെന്ന് വരില്ല.” ജേക്കബ് പറഞ്ഞു.

“വണ്ടി അച്ചായൻ തന്നെ ഓടിക്കുമോ. അതോ ഡ്രൈവറെ വിളിക്കണോ?”

ഭർത്താവിന്റെ ടെൻഷൻ കണ്ട് മേരി ചോദിച്ചു.

“ഡ്രൈവറെ വിളിക്ക്. രാത്രിയിൽ ഓടിക്കാൻ എനിക്ക് ബുദ്ധിമുട്ടാണ്.”

ജേക്കബിന്റെ വാക്കുകളിൽ അസ്വസ്ഥത നിഴലിച്ചിരുന്നു.

“എനിക്ക് പോകാനുള്ള ട്രെയിൻ തിരുവനന്തപുരത്തു നിന്നാണ് ഡാഡീ.”

“അതേ ട്രെയിൻ കോട്ടയത്ത് വരുമ്പോൾ അവിടെ നിന്നും കയറാം മോളേ.”

എല്ലാവരും വേഗം റെഡിയായി രണ്ട് കാറുകളിൽ കുമരകത്തിന് തിരിച്ചു. പാതിരാത്രിയോടെ എല്ലാരും കുമരകത്തെത്തി.

ചാക്കോച്ചൻ അർധബോധാവസ്ഥയിൽ കിടക്കുന്നു.

“അച്ചായാ എഴുന്നേക്ക്. മരുന്ന് കഴിക്കേണ്ട സമയമായല്ലോ.” സെബാസ്റ്റ്യന്റെ ശബ്ദം തിരിച്ചറിഞ്ഞ ചാക്കോച്ചൻ മകന്റെ കൈകളിൽ മുറുകെ പിടിച്ചു.

“അപ്പച്ചാ, ഇത് ജേക്കബാണ്. ഞങ്ങളെല്ലാരും അപ്പച്ചനെ  കാണാൻ വന്നിരിക്കുന്നു. ബീനയും ബിനുവുമുണ്ടിവിടെ.”

ജേക്കബ് മക്കളെ അടുത്തേക്ക് വിളിച്ച് അപ്പച്ചന്റെ അടുത്തേക്ക് ചേർത്ത് നിർത്തി.

“മേരിയും കാഞ്ഞിരപ്പള്ളിയിലെ അച്ചായനും വന്നിട്ടുണ്ടപ്പച്ചാ.”

ചാക്കോച്ചൻ ഒരു നിമിഷം കണ്ണ് തുറന്നു എല്ലാവരെയും നോക്കി.  സെബാസ്റ്റ്യന്റെ സഹോദരൻ എബ്രഹാമും ഭാര്യയും ശങ്കരനും അമ്മിണിയും ബെഡിനരികെ നിന്നിരുന്നു.

ചാക്കോച്ചൻ ശ്വാസം കിട്ടാതെ വിഷമിച്ചുകൊണ്ടിരുന്നു. പള്ളിയിൽ നിന്നും അച്ചനെ വിളിച്ചു കൊണ്ടുവന്ന് അന്ത്യകൂദാശ നൽകി മിനിറ്റുകൾക്കുള്ളിൽ ചാക്കോച്ചൻ അന്ത്യശ്വാസം വലിച്ചു. താൻ ഏറെ സ്നേഹിച്ച, തന്നെ സ്നേഹിച്ച, വല്യപ്പച്ചന്റെ വിയോഗം താങ്ങാനാവാതെ ജേക്കബ് പുറത്തു പോയിരുന്ന് കരഞ്ഞു.